പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 768

12/06/2013-ൽ
മറുപടിയ്ക്കു

## ദേവസ്വം ബോർഡ് നിയമനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ. | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയായി സംസ്ഥാനത്തെ എല്ലാ ദേവസ്വം ബോർഡുകളിലുമായി ആകെ എത്ര പേരെ നിയമിച്ചിട്ടുണ്ട്; വെളിപ്പെടുത്താമോ; | എ) & ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എസ്റ്റാബ്ലിഷ്മെൻറ് വിഭാഗത്തിൽ 102 എൽ.ഡി.ക്ലാർക്കുമാരെയും, 4 പ്യൂൺമാരെയും ആശ്രിത നിയമന വ്യവസ്ഥയിൽ നിയമിച്ചു. കൂടാതെ ക്ഷേത്ര ജീവനക്കാരായി തളിവിഭാഗത്തിൽ 107 പേരെയും, കഴകം വിഭാഗത്തിൽ 48 പേരെയും, വാച്ചർ വിഭാഗത്തിൽ 85 പേരെയും, ശാന്തി വിഭാഗത്തിൽ 182 പേരെയും, സ്കാവഞ്ചർ വിഭാഗത്തിൽ 4 പേരെയും, പാത്രംതേപ്പ് വിഭാഗത്തിൽ 3 പേരെയും, തകിൽ വിഭാഗത്തിൽ 39 പേരെയും, നാദസ്വരം വിഭാഗത്തിൽ 38 പേരെയും, പഞ്ചവാദ്യം വിഭാഗത്തിൽ 96 പേരെയും നിയമിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരമേറ്റശേഷം മലബാർ ദേവസ്വം ബോർഡിൽ പുതിയ തസ്തികകൾ അനുവദിക്കുകയോ നിയമനം നടത്തുകയോ ഉണ്ടായിട്ടില്ല. എന്നാൽ ഓഫീസ് അറ്റൻറൻറ് തസ്തികയിൽ 11 പേരെയും , എൽ.ഡി. ക്ലാർക്ക് തസ്തികയിൽ 2 പേരെയും എംപ്ലോയ്മെൻറ് വഴി നിയമിച്ചിട്ടുണ്ട്.<br>കൊച്ചിൻ ദേവസ്വം ബോർഡിൽ എസ്റ്റിബ്ലിഷ്മെൻറ് വിഭാഗത്തിൽ 7 ജീവനക്കാരെയും ക്ഷേത്ര ജീവനക്കാരായി 128 പേരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| ബി) ആരെയൊക്കെ ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചതെന്ന് വിശദമാക്കാമോ; | | |
| സി) ഈ നിയമനങ്ങൾ എന്തൊക്കെ മാനദണ്ഡങ്ങൾ പാലിച്ചാണ് നടത്തിയതെന്ന് വിശദമാക്കാമോ? | സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലേക്ക് വാച്ചർ, കഴകം, തളി ലാവണങ്ങളിലേക്ക് പത്രപരസ്യം നൽകി അപേക്ഷ ക്ഷണിച്ച് എൽ.ബി.എസ്. സെൻറർ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി ടി റാങ്ക് ലിസ്റ്റിൽ നിന്നാണ് നിയമനം നടത്തിയിട്ടുള്ളത്.<br>കൊച്ചിൻ ദേവസ്വം ബോർഡിൽ എസ്റ്റാബ്ലിഷ്മെൻറ് വിഭാഗത്തിൽ 7 പേരെ നിയമിച്ചിട്ടുള്ളത് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമാണ്. 21/4/2009 -ലെ ബോർഡ് തീരുമാന പ്രകാരം കൊച്ചിൻ ദേവസ്വം ബോർഡിൻെറ കീഴിൽ കണ്ടിജൻറ് വിഭാഗത്തിൽ 63 പേർക്കും ബഹു. ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ